LIBRARY ARCHIVES Kerala Legislative Assembly

നിയോജകമണ്ഡലം ആസ്തിവികസന പദ്ധതി പ്രവൃത്തികളുടെ സേവിംഗ്സ്

115(2104) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരം ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികൾ ടെണ്ടർ ചെയ്യുമ്പോൾ കരാറുകാർ ഭരണാനുമതി തുകയിൽ താഴ്ന്ന പ്രവൃത്തിയുടെ നിർമ്മാണം ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന സേവിംഗ്സ് പുതിയ പ്രവൃത്തികൾക്കായി വിനിയോഗിക്കുവാൻ കഴിയുമോ ; ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ ?

ഉത്തരം

നിയോജകമണ്ഡലം ആസ്തിവികസന പദ്ധതി പ്രകാരം ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികൾ ടെണ്ടർ ചെയ്യുമ്പോൾ കരാറുകാർ ഭരണാനുമതി തുകയിൽ താഴ്ന്ന പ്രവൃത്തിയുടെ നിർമ്മാണം ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന സേവിംഗ്സ് പുതിയ പ്രവൃത്തികൾക്കായി വിനിയോഗിക്കുന്നതിന് വ്യവസ്ഥയില്ല. എന്നാൽ അധിക തുകയായി ടെണ്ടർ എക്സസ്/സേവിംഗ്സ് വന്നാലും എം.എൽ.എ.യുടെ 5 കോടി രൂപയെ ബാധിക്കില്ല. ഭരണാനുമതി/പുതുക്കിയ ഭരണാനുമതി നൽകുന്ന തുകകൾ മാത്രമാണ് ടി പദ്ധതിയുടെ 5 കോടിരൂപയുടെ വാർഷിക പരിധി തീരുമാനിക്കാൻവേണ്ടി കണക്കാക്കുന്നത്. ഇത് സംബന്ധിച്ച നിർദ്ദേശമുൾക്കൊള്ളുന്ന 4-12-2013-ലെ 97/2013/ധന. സർക്കുലർ അനുബന്ധമായി ചേർക്കുന്നു.* ടെണ്ടർ എക്സസ്/സേവിംഗ്സ് എന്നിവ പരമാവധി ഒഴിവാക്കുന്നതിനായി ഏറ്റവും പുതിയ ഷെഡ്യൂൾ ഓഫ് റേറ്റിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും ഉചിതമായിരിക്കും എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

വകുപ്പുകളുടെ ബഡ്ജറ്റ് വിഹിതവും ചെലവും

116(T2105) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷം ഓരോ വകുപ്പിന്റെയും ബഡ്ജറ്റ് വിഹിതം (പ്ലാൻ, നോൺപ്ലാൻ ഉപധനാഭ്യർത്ഥന ഉൾപ്പെടെ) എത്രയായിരുന്നു. ഓരോ വകുപ്പും എത്ര തുക 2015 മാർച്ച് 31-നുള്ളിൽ ചെലവഴിച്ചു ; ഓരോ വകുപ്പും ബഡ്ജറ്റ് വിഹിതത്തിന്റെ എത്ര ശതമാനം ചെലവഴിച്ചു ; വിശദാംശം നൽകുമോ ;

(ബി) 2014-15 സാമ്പത്തിക വർഷം വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി എത്ര തുക ഓരോ വകുപ്പിനും ലഭിച്ചു ; അതിൽനിന്നും ഓരോ വകുപ്പും 2015 മാർച്ച് 31

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു